കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ്** - കൊല്ലം നഗരസഭയിലെ കിളികൊല്ലൂർ സോണൽ ഓഫീസിൽ ബിൽ കളക്ടറായിരുന്ന ശ്രീ.വി.അനിലാൽ ഫയൽ ചെയ്ത OA(EKM) 664/14- ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

**സ.ഉ.(സാധ)നം. 2199/2015/തസ്വഭവ.** **തീയതി, തിരുവനന്തപുരം,** 21/07/2015.

പരാമർശം :
1. 21/02/2014 തിയതിയിലെ ശ്രീ.വി.അനിലാൽ സമർപ്പിച്ച അപേക്ഷ
2. 20.05.2014 ലെ OA(EKM) 664/14 നമ്പർ ബഹു.കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബൂണലിന്റെ വിധിന്യായം.

## ഉത്തരവ്

കൊല്ലം നഗരസഭയിലെ കിളികൊല്ലൂർ സോണൽ ഓഫീസിൽ ബിൽ കളക്ടറായിരുന്ന ശ്രീ.വി.അനിലാൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ രണ്ടു മാസത്തെ അവധിക്ക് അപേക്ഷിച്ചുവെങ്കിലും ആയത് നിരസിച്ച് നോട്ടീസ് നൽകുകയും തുടർന്ന് സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായും ലഘു ശിക്ഷയായി വാണിംഗ് നൽകി അച്ചടക്ക നടപടി പൂർത്തീകരിക്കുകയും ചെയ്തു.സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായി പരിഗണിക്കണമെന്ന ശ്രീ.വി.അനിലാലിന്റെ അപ്പീൽ അപേക്ഷ നഗരകാര്യ ഡയറക്ടർ നിരസിച്ചതിനെതിരെ സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയും കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബൂണ ലിൽ O.A No.664/14 നമ്പർ കേസ് ഫയൽ ചെയ്യുകയും ചെയ്തു.കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബൂണലിന്റെ പരാമർശം (2) ലെ ഉത്തരവിൽ അപേക്ഷകന്റെ അപ്പീൽ അപേക്ഷയിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

പ്രസ്തുത നിർദ്ദേശ പ്രകാരം അപേക്ഷകയെ അണ്ടർ സെക്രട്ടറി നേരിൽ കേട്ടു. കേരള സർവ്വീസ് റൂൾസ്, ഭാഗം ഒന്ന് ചട്ടം 56 ബി(7) ന്റ താഴെയുള്ള പ്രോവിസോ പ്രകാരം ബന്ധപ്പെട്ട ജീവനക്കാരന്റെ അനുമതിയില്ലാതെ ടിയാന്റെ സസ്പെൻഷൻ കാലം അവധിയായി ക്രമീകരിക്കാനാവില്ല.ആയതിനാൽ ശ്രീ.അനിലാലിന്റെ സസ്പെൻഷൻ കാലം ക്രമീകരിച്ച നടപടി ചട്ടപ്രകാരം നിലനിൽക്കുന്നതല്ല. പ്രസ്തുത സാഹചര്യങ്ങളിലും ടിയാന് താക്കീത് നൽകി ടിയാനെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ചത് പരിഗണിച്ചും ടിയാന്റെ 21/02/12 മുതൽ 05/09/2012 വരെയുള്ള സസ്പെൻഷൻ കാലം ശമ്പളവും അലവൻസുകളും ഉപജീവനബത്തയിൽ

പരിമിതപ്പെടുത്തിക്കൊണ്ട് മറ്റെല്ലാ കാര്യത്തിനും ഡ്യൂട്ടിയായി ക്രമീകരിച്ച് 31/05/2013 ലെ ഉത്തരവ് പരിഷ്കരിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണലിന്റെ പരാമർശം (2) ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
സോണിയ വാഷിംഗ്ടൺ,
അണ്ടർ സെക്രട്ടറി.

അഡ്വക്കേറ്റ് ജനറൽ,തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ശ്രീ. വി. അനിലാൽ,ബിൽ കളക്ടർ,കിളികൊല്ലൂർ സോണൽ ഓഫീസ്,
കൊല്ലം നഗരസഭ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.